## മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

എൻ സി സി പ്രവർത്തനങ്ങൾക്ക് അനുവദനീയമായ ഗ്രേസ് മാർക്ക് - വെയിറ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്നതിലെ അപാകത- പരിഹരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ VIII സെക്ഷൻ

നം.6677/എസിഎ VIII/01/2017 തിയതി: പി.ഡി ഹിൽസ്, 09/11/2017

---

പരാമർശം: (1) 16/04/2016 ലെ 2180/01/എസിഎ VIII/2016 നമ്പർ സർവ്വകലശാല ഉത്തരവ്
(2)16/06/2016 ലെ 3346/01/എസിഎ VIII/2016 നമ്പർ സർവ്വകലശാല ഉത്തരവ്
(3) 20/02/2017 ലെ 1013/01/എസിഎ VIII/2017 നമ്പർ സർവ്വകലശാല ഉത്തരവ്
(4)17/10/2017 ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്ട്സ് ഇനം നം. 84/17.13/172076

### ഉത്തരവ്

പരാമർശം (2), (3) ഉത്തരവുകൾ പ്രകാരം , എൻ സി സി പ്രവർത്തനങ്ങളിൽ പങ്കെടുത്ത് 75 ശതമാനം ഹാജർ നേടുന്ന വിദ്യാർഥികൾക്ക് അതത് അദ്ധ്യയന വർഷങ്ങളിൽ 3% ഗ്രേസ് മാർക്ക് വീതം അനുവദിക്കുന്നുണ്ട്. പരാമർശം (1) , (2), (3) ഉത്തരവുകൾ പ്രകാരം , വിദ്യാർഥികൾക്ക് എൻ സി സി പ്രവർത്തനങ്ങളിൽ പങ്കെടുത്ത് ലഭിക്കുന്ന വെയിറ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 3% ഗ്രേസ് മാർക്കും അനുവദനീയമാണ്. രണ്ട് /മൂന്ന് അദ്ധ്യയന വർഷത്തിൽ എൻ സി സി പ്രവർത്തനങ്ങളിൽ പങ്കെടുത്ത് 75 ശതമാനമോ അതിലധികമോ ഹാജരുള്ളവർക്ക് നൽകുന്ന വെയിറ്റേജ് സർട്ടിഫിക്കറ്റാണ് വിദ്യാർഥികൾ ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് വേണ്ടി ഹാജരാക്കുന്നത് .

അതാത് വർഷങ്ങളിൽ 75 ശതമാനം ഹാജരിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന ഗ്രേസ് മാർക്ക് ആനുകൂല്യം നേടിയ വിദ്യാർഥിയ്ക്ക് ഇത്തരത്തിലുള്ള വെയിറ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഗ്രേസ് മാർക്ക് അനുവദിക്കുമ്പോൾ ഒരേ വിദ്യാർത്ഥിയ്ക്ക് ഒരേ കാരണത്തിന് ഇരട്ടി ആനുകൂല്യം ലഭിക്കുന്ന സാഹചര്യം ഉണ്ടാകുന്നു . ആയതിനാൽ , രണ്ട് /മൂന്ന് അദ്ധ്യയന വർഷത്തിൽ എൻ സി സി പ്രവർത്തനങ്ങളിൽ പങ്കെടുത്ത് 75 ശതമാനമോ അതിലധികമോ ഹാജരുള്ളവർക്ക് നൽകുന്ന വെയിറ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള 3 ശതമാനം ഗ്രേസ് മാർക്ക് നൽകേണ്ടതില്ല എന്ന് 17/10/2017 ൽ കൂടിയ സിൻഡിക്കേറ്റ് യോഗം പരാമർശം (4) പ്രകാരം തീരുമാനിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1), (2) , (3) ഉത്തരവുകൾ ഇതിനാൽ ഭേദഗതി ചെയ്യുന്നു.

ഒപ്പ്
സുകുമാരൻ റ്റി ബി
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് ) I
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് ,

(1) വിസി/ പിവിസിയുടെ പി എസ്
(2) രജിസ്ട്രാറുടെ പി എ
(3) പരീക്ഷാ കണ്ട്രോളറുടെ പി എ
(4) എ ആർ /ഡി ആർ /ജെ ആർ ( അക്കാദമിക് /പരീക്ഷ )
(5) ടാബുലേഷൻ സെക്ഷനുകൾ
(6) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ ( അപ് ലോഡ് ചെയ്യുന്നതിനായി)

(7) പി ആർ ഒ
(8) റെക്കോർഡ്സ് /ഐക്യൂഎസി
(9) DSS
(10) സിസ്റ്റം അഡ്മിൻ / CETEX സെക്ഷൻ
(11)എസിസി
(12) കരുതൽ ഫയൽ / ഫയൽ പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം . AcAVIII/01/15( CBCSSI/2/39/15)

2/